ഉത്തരം

(എ) ആലപ്പുഴ ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കേരള വാട്ടർ അതോറിറ്റി 28-6-2003-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഭൂമി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഡെപ്യൂട്ടി കളക്ടർമാരുടെ തസ്തികകൾ

245 [2299] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഡെപ്യൂട്ടി കളക്ടർമാരിൽ നേരിട്ടും തസ്തികമാറ്റം വഴിയും നിയമനം ലഭിച്ചവർ എത്രപേരുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ 116 തസ്തികകൾ ഉണ്ട്.

(ബി) നിലവിലുള്ള ഡെപ്യൂട്ടി കളക്ടർമാരിൽ നേരിട്ട് നിയമനം ലഭിച്ചവർ 18 പേരും തസ്തികമാറ്റം വഴി നിയമനം ലഭിച്ചവർ 113 പേരും ഉണ്ട്. (നേരിട്ട് നിയമനം ലഭിച്ചവരിൽ 6 പേർ ഡെപ്യൂട്ടേഷനിലും ഒരാൾ ലീവിലും തസ്തികമാറ്റം വഴി നിയമനം ലഭിച്ചവരിൽ 2പേർ ഡെപ്യൂട്ടേഷനിലും 2 പേർ സസ്പെൻഷനിലും 4 പേർ ലീവിലും തുടരുന്നു.)

പഠനാവശ്യത്തിന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി

246 [2300] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ പഠനാവശ്യത്തിന് താലൂക്ക് ആഫീസുകളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഓരോ സ്ഥാപനത്തിന്റെയും പേര് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly